"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടിയുടെ ചുമർ ഇടിഞ്ഞുവീണ് പരിക്കേറ്റ കോട്ടയം സ്വദേശി ഗൗതം എ.പി എന്ന കുട്ടിയ്ക്കുള്ള ചികിത്സാ സഹായം - ബാലനിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.402/2024/WCDD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:-

1. 01.11.2017 ലെ സ.ഉ(സാധാ) 730/2017-സാനീവ നമ്പർ ഉത്തരവ്
2. വനിത ശിശു വികസന ഡയറക്ടറുടെ 26/04/2022-ലെ ICPS-4(A)/1799/2022 നമ്പർ നടപടിക്രമം
3. വനിത ശിശു വികസന ഡയറക്ടറുടെ 23-03-2024 ലെ ഡിഡബ്ല്യൂസിഡി/6007/2023-ഐസിപിഎസ് 4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജെജെ ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് ധനസഹായം നൽകുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് പരാമർശം (1) പ്രകാരം ബാലനിധി രൂപീകരിച്ചിട്ടുണ്ട്.

2) കോട്ടയം ജില്ലയിലെ വൈക്കം ICDS പ്രൊജക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടിയുടെ ചുമർ ഇടിഞ്ഞുവീണ് പരിക്കേറ്റ ഗൗതം എ പി എന്ന കുട്ടിക്ക് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടിയിൽ വെച്ച് ഉണ്ടായ അത്യാഹിതം കണക്കിലെടുത്തും, വൈക്കം CDPO യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും മുൻകൂർ ആയി ആകെ 1,00,000/- രൂപ 2235-02-106-91(P) എന്ന ശീർഷകത്തിൽ നിന്നും പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നെന്നും അനുവദിച്ച തുകയിൽ 4,580/- രൂപ മാത്രം ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കുകയും, ബാക്കി തുകയായ 95,420/- രൂപ തിരിച്ച് ശീർഷകത്തിൽ സറണ്ടർ ചെയ്യുകയും ചെയ്തിരുന്നതായും പ്രസ്തുത സംഭവത്തിൽ ഗൗതം എ പി എന്ന കുട്ടിയുടെ വിഷയം ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് ബാലനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടിയുടെ ചുമർ ഇടിഞ്ഞുവീണ് പരിക്കേറ്റ കോട്ടയം സ്വദേശി ഗൗതം എ.പി എന്ന കുട്ടിയ്ക്ക്, ബാലനിധിയിൽ നിന്നും മുൻകൂറായി പരാമർശം(2) പ്രകാരം അനുവദിച്ച 1,00,000/- (ഒരു ലക്ഷം രൂപ) രൂപയിൽ നിന്നും ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച്, സറണ്ടർ ചെയ്ത തുകയായ

**95,420/-** രൂപ (തൊണ്ണൂറ്റിയയ്യായിരത്തി നാനൂറ്റി ഇരുപതു രൂപ മാത്രം) വീണ്ടും ബാലനിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ, എ&ഇ), കേരളം
3) ധനകാര്യ വകുപ്പ് (WCD-1/112/2024-FIN (E:2783589) നമ്പർ ഫയൽ)
4) വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 16-10-2024 12:36:02